## സന്യാസ പ്രസ്ഥാനവും പരിസ്ഥിതി സൗഹൃദവും

**റവ. ഡോ. കെ. എം. ജോർജ്ജ്**

ക്രിസ്തീയ സഭയിൽ കിഴക്കും പടിഞ്ഞാറും വികസിച്ച സന്യാസ പ്രസ്ഥാനത്തിന്റെ ദീർഘവും സങ്കീർണ്ണവുമായ ചിത്രം ഒരൊറ്റ ഫ്രെയിമിലാക്കി നോക്കിയാൽ, പെട്ടെന്ന് നമ്മുടെ ശ്രദ്ധയിൽ പെട്ടേക്കാവുന്ന ഏഴുതരം 'സ്നേഹ' ങ്ങളെക്കുറിച്ച് ആദ്യമേ സൂചിപ്പിക്കട്ടെ. ഈ 'സ്നേഹ' ങ്ങളെല്ലാം തമ്മിൽ ഗാഢമായി ബന്ധപ്പെട്ടതും പരസ്പരപൂരകങ്ങളുമാണ്. എങ്കിലും ചില കാലങ്ങളിലും ചില സ്ഥലങ്ങളിലും ചിലതിന് പ്രത്യേക ഊന്നൽ ലഭിക്കുന്നതായി കാണാം.

1. ദൈവത്തോടുള്ള സ്നേഹം (Love of God)
2. സന്യാസ സമൂഹത്തില സഹോദരങ്ങളോടുള്ള സ്നേഹം (Love of the brethren)
3. സുവിശേഷത്തോടുള്ള സ്നേഹം (Love of the Gospel)
4. പ്രകൃതിയോടുള്ള സ്നേഹം (Love of nature)
5. അക്ഷരത്തോടുള്ള സ്നേഹം (Love of letters)
6. പാവങ്ങളോടുള്ള സ്നേഹം (Love of the poor)
7. മൗനത്തോടുള്ള സ്നേഹം (Love of silence)

ഇതിൽ ഇവിടെ പ്രത്യേകമായി പറയുവാൻ തിരഞ്ഞെടുത്തിരിക്കുന്ന "വിഷയം സന്യാസവും പ്രകൃതി സ്നേഹവും" (Love of nature) ആണ്. മറ്റുള്ളവയെക്കുറിച്ച് തൽക്കാലം ഒന്നു സൂചിപ്പിക്കുക മാത്രം ചെയ്യുന്നു.

**ദൈവസ്നേഹം** (Love of God) :

സന്യാസജീവിതത്തിന്റെ ആദിപ്രചോദനവും ആത്യന്തിക ലക്ഷ്യവും ദൈവസ്നേഹത്തെ സാക്ഷാത്ക്കരിക്കുകയാണ്. സന്യാസത്തിന്റെ എല്ലാ ഉത്തമമാനങ്ങളും ഉരുത്തിരിയുന്നത് ദൈവത്തോടുള്ള അചഞ്ചലമായ സ്നേഹത്തെ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ്. ഇംഗ്ലീഷിൽ quest for God എന്നു പറയാവുന്ന ആത്മാവിന്റെ ദിവ്യദാഹം നമ്മുടെ





സ്രഷ്ടാവും ജീവന്റെ ഉറവയുമായ ദൈവത്തിനുവേണ്ടിയാണ്. ജീവിതത്തിൽ മറ്റുള്ള എല്ലാ അഭിലാക്ഷങ്ങളേക്കാൾ അടിയന്തിരവും അനുപേക്ഷണീയവുമായി ഒരാൾ ഈ ദൈവാഭിലാക്ഷത്തെ കരുതുമ്പോൾ അയാൾ സന്യാസിയാവുന്നു.

**സഹോദരസ്നേഹം** (Love of brethren) :

ഒരു സന്യാസ സമൂഹത്തിൽ അംഗമായ സന്യാസിയുടെ ആത്മീയതയുടെ ആദ്യത്തെ ഉരകല്ല്, തന്നോടൊപ്പം ജീവിക്കുന്ന സഹോദരങ്ങളെ താൻ എങ്ങിനെ സ്നേഹിക്കുന്നു, കരുതുന്നു എന്നതിലാണ്. ഏകാന്തജീവിതത്തെക്കാൾ സന്യാസസമൂഹ ജീവിതത്തിന് കൈസര്യയിലെ വിശുദ്ധനായ ബൺലിയോസുമറ്റും കൂടുതൽ പ്രാധാന്യം കൊടുത്തത് ഈ അടിസ്ഥാനത്തിലാണ്.

**സുവിശേഷത്തോടുള്ള സ്നേഹം (Love of the Gospel):**

സുവിശേഷം ലോകം മുഴുവൻ പ്രചരിച്ചതിൽ സന്യാസ പ്രസ്ഥാനത്തിന് ആഴമായ പങ്കുണ്ട്. സുറിയാനിക്കാരും ഐറിഷ്കരും ഗ്രീക്കുകാരുമായ ആദ്യകാല മിഷനറിമാർ സന്യാസപ്രസ്ഥാനത്തിന്റെ സന്താനങ്ങളായിരുന്നു. കൊളോണിയൻ കാലഘട്ടത്തിൽ, റോമൻ കത്തോലിക്കാ സഭ തുടങ്ങിവച്ച ആഗോള മിഷണറി പ്രസ്ഥാനം ഫ്രാൻസിസ്ക്കൻ, ദൊമിനിക്കൻ, കർമ്മലീത്ത, ജെസ്വിറ്റ് തുടങ്ങിയ സന്യാസ സമൂഹങ്ങളുടെ പ്രവർത്തനമായിരുന്നു. സന്യാസ ജീവിതത്തിന്റെ വിവിധ വശങ്ങളെ ആർദ്രവും ക്രിസ്തീയവുമാക്കിയത് കർത്താവായ യേശുക്രിസ്തുവിന്റെ ജീവൻ നൽകുന്ന സുവിശേഷത്തോടുള്ള ആഴമായ സ്നേഹവും പ്രതിബദ്ധതയും ആയിരുന്നു.

**അക്ഷരത്തോടുള്ള സ്നേഹം (Love of letters)**

ജനസാമാന്യം ബഹുഭൂരിപക്ഷവും നിരക്ഷരരായിരുന്ന കാലത്ത് സന്യാസിമാർ അക്ഷരത്തിന്റെ ആത്മീയതയും അനശ്വരതയും (*അക്ഷരം*-ക്ഷരമില്ലാത്തത്, നാശമില്ലാത്തത്) കണ്ടെത്തി. ജീവന്റെ വചനം വ്യാഖ്യാനിക്കാനും ഉൽഘോഷിക്കാനും അക്ഷരത്തിന്റെ സഹായം തേടി. സഭയുടെ ആരാധനാ ക്രമങ്ങളും ഗീതങ്ങളും വേദപുസ്തക വ്യാഖ്യാനങ്ങളും എല്ലാം മുഖ്യമായും സന്യാസ പ്രസ്ഥാനത്തിന്റെ സംഭാവനയാണ്. ആത്യന്തികമയി ഇത് വിജ്ഞാനത്തോടുള്ള സ്നേഹമായിരുന്നു. പശ്ചിമ യൂറോപ്യൻ വൈജ്ഞാനിക സംസ്ക്കാരത്തിന് അടിത്തറയിട്ടത് സന്യാസ സമൂഹങ്ങളാണ്.

**പാവങ്ങളോടുള്ള സ്നേഹം (Love of the poor)**

അതിഥിസൽക്കാരം (hospitality) എന്ന നന്മയെ മിക്ക സന്യാസിമാരും പ്രായോഗികമാക്കിയത് ദൈവമക്കളായ പാവങ്ങളെയും ഗതികെട്ടവരെയും സ്വന്തം കുടുംബമായി സ്വീകിക്കുന്നതിലൂടെയാണ്. സഭയുടെ എല്ലാ സംഘടിതമായ ആതുരസേവനവും സന്യാസപ്രസ്ഥാനത്തിന്റെ പ്രചോദനഫലമാണ്.

**മൗനത്തോടുള്ള സ്നേഹം (Love of silence)**

ദൈവസ്നേഹത്തിന്റെ സാക്ഷാത്ക്കാരത്തിന് വിശാലമായ പശ്ചാത്തലമൊരുക്കിയത് ആഴമായ നിശ്ശബ്ദതയോടുള്ള ആഭിമുഖ്യമാണ്. വാക്കുകൾ ഉച്ചരിക്കാതെ, മിണ്ടാതിരിക്കുക എന്നതല്ല ഇവിടെ അർത്ഥം. അത് വളരെ ഉപരിപ്ലവമായ അർത്ഥമാണ്. സമൂഹത്തിന്റെ പ്രശാന്തമായ ആഴം പോലെ, മഞ്ഞണിഞ്ഞ ഗിരിശൃംഗങ്ങളുടെ അമേയമായ ശാന്തിപോലെ ആത്മാവിന്റെ ആഴങ്ങളും ഉയരങ്ങളും തിരിച്ചറിയുന്ന മൗനത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

## സന്യാസവും പ്രകൃതിസ്നേഹവും

ഇവിടെ നമ്മുടെ മുഖ്യവിഷയമായ സന്യാസപ്രസ്ഥാനവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കാം. പരിസ്ഥിതിയെക്കുറിച്ചും അതിന്റെ ഭാഗധേയത്തെക്കുറിച്ചുമുള്ള അവബോധം ആഗോളതലത്തിൽ ഉണ്ടായിത്തുടങ്ങിയിട്ട് നാളേറെയായി. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്നു നാലു പതിറ്റാണ്ടുകളിലായി നാം കേട്ടുതുടങ്ങിയ ecological crisis ഇന്നും ലോകത്തിന്റെ സുപ്രധാന ചിന്താവിഷയങ്ങളിലൊന്നാണ്. Climate change തുടങ്ങിയ ആഗോള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് നടക്കുന്ന ചർച്ചകൾ നാം കുറെയൊക്കെ ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സഭ തന്നെ ഓഗസ്റ്റ് മാസത്തിലെ ഒരു ഞായറാഴ്ച പരിസ്ഥിതി ദിനമായി ആചരിക്കണമെന്ന് പ. ബാവാ കൽപ്പന ഇറക്കിയിട്ടുണ്ടല്ലോ. ഈ പശ്ചാത്തലത്തിൽ സന്യാസവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുന്നത് പ്രസക്തമാണെന്ന് കരുതുന്നു. ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതിയോട് ബഹുമുഖമായ ബന്ധമാണ് ചരിത്രപരമായി സന്യാസ പ്രസ്ഥാനത്തിനുള്ളത്. എതാനും ചിലത് നോക്കാം.





**1. പുതിയ മനുഷ്യത്വത്തിനുവേണ്ടി**

ആദ്യമനുഷ്യനായ ആദാം പാപം ചെയ്യുന്നതിനു മുൻപുള്ള അവസ്ഥയാണ് മനുഷ്യത്വത്തിന്റെ Ideal state എന്നാണ് ക്രിസ്തീയ പ്രബോധനം. അപ്പോൾ ആദാമിനുണ്ടായിരുന്ന (a) സമ്പൂർണ്ണമായ ദൈവസാന്നിദ്ധ്യബോധവും (b) ദൈവത്തോടും പ്രകൃതിയോടുമുള്ള സുതാര്യമായ ബന്ധവും മനുഷ്യന് നഷ്ടപ്പെട്ടത് തിരിച്ചെടുക്കുകയാണ് സന്യാസജീവിതം കൊണ്ട് ഉദ്ദേശിക്കുന്നത്. 'വിവാഹം കഴിക്കാതെയും വിവാഹത്തിനു കൊടുക്കാതെയും മാലാഖമാർക്ക് സദൃശ്യമായ ജീവിത' മാണ് ആത്മിക മാർഗ്ഗമായി ഇവിടെ കരുതുന്നത്. ഇതു സാധിക്കുന്നത് ക്രിസ്തുവിലൂടെയാണ്. മനുഷ്യസ്വഭാവത്തിന് ആദർശപൂർണ്ണമായ പുനർനിർവചനവും പുതിയൊരു ദർശനവും ക്രിസ്തുവിലൂടെ നമുക്കു ലഭിക്കുന്നു. "ക്രിസ്തുവിലുള്ള അതേഭാവം തന്നെ" കൈവരിക്കാനാണ് സന്യാസി പ്രത്യേകമായി ശ്രമിക്കുന്നത്.

ആദാമിന്റെ അടുത്ത് പക്ഷിമൃഗാദികളും സകല ജീവികളും സ്നേഹപൂർവ്വം മുട്ടിയുരുമ്മി നിൽക്കുന്നു. എല്ലാറ്റിനും ആദാം സ്നേഹപൂർവ്വം പേരുകൊടുത്ത് അവയെ പേരുചൊല്ലി വിളിക്കുന്നു. ആദാമിനും ജീവജാലങ്ങൾക്കുമിടയിൽ മറയില്ല, ഭീതിയില്ല, അവിശ്വാസവും സംശയവുമില്ല. ആദാമും ഹവ്വായും ഒരു ജീവിയെയും ഭക്ഷണത്തിന്നായോ വിനോദത്തിനായോ കൊല്ലുന്നില്ല. "പച്ചസസ്യം മാത്രം അവർക്ക് ആഹാരമായി" ദൈവം നൽകി. എന്നാൽ ഉൽപ്പത്തി 9-ാം അദ്ധ്യായമാവുമ്പോൾ ഈ രംഗം പൂർണ്ണമായി മാറും. മനുഷ്യൻ മൃഗങ്ങളെ കൊന്നുതിന്നാൻ തുടങ്ങി. മൃഗങ്ങൾക്ക് അവനെ "ഭയവും നടുക്കവുമായി".

ഇപ്പോഴത്തെ പരിസ്ഥിതി പ്രശ്നത്തിന്റെ മൂലകാരണം ഇവിടെയാണ്. ഇത് സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ നാം കാണുന്നു. മനുഷ്യനെ ഭയപ്പെടുന്ന, മനുഷ്യഗന്ധമേറ്റാൽ അക്രമാസക്തമായി പ്രതികരിക്കുന്ന ജീവജാലങ്ങളെ അങ്ങനെയാക്കിത്തീർത്തത് മനുഷ്യന്റെ ആക്രമണവാസനയാണ്, അതായത് കൊല്ലാനും വലിച്ചുവാരിക്കൂട്ടാനുമുള്ള പ്രവണത (aggressive and aequistive drive) മനുഷ്യന്റെ അക്രമവും ആർജ്ജനവും ഉപഭോഗവുമാണ് ഇന്നും ആഗോള മനുഷ്യസംസ്ക്കാരത്തിനും ഭൂമിയിലെ ജീവനും ഭീഷണിയായി നിൽക്കുന്നത്.

ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിനവേക്കാരനായ ഇസഹാക്ക് (Isaac the Syrian) എന്ന പിതാവ് ആദാമിന്റെ ശരീരഗന്ധത്തെക്കുറിച്ച് പറയുന്നുണ്ട്. ആദ്യമനുഷ്യന്റെ ശരീരത്തിൽ നിന്ന് പ്രസരിച്ച ഗന്ധത്തിന് സവിശേഷമായ സൗരഭ്യമുണ്ടായിരുന്നു. അതുകൊണ്ട് എല്ലാ ജീവികളും ഈ മണംപിടിച്ച് ആദാമിന്റെ അടുത്തേക്ക് വരുമായിരുന്നു. ഇതൊരുതരം ദിവ്യപരിമളമായിരുന്നു. ജീവികളെയെല്ലാം ഒരുമയോടെ നിൽക്കാൻ സഹായിക്കുന്ന സുഗന്ധം. പറുദീസയിൽ നിന്ന് പുറത്താക്കപ്പെട്ട ആദാമിന് ഈ സുഗന്ധം നഷ്ടപ്പെട്ടു. ആദാമിന്റെയും ഹവ്വായുടെയും ശരീരഗന്ധമേറ്റ ജീവികൾ ഭയന്നും നടുങ്ങിയും ഓടിയകന്നു. ആ ഗന്ധമാണ് ഇപ്പോൾ നമ്മുടെ ശരീരങ്ങൾക്കുള്ളത്. നമുക്കു തന്നെ അതിഷ്ടമല്ല. അതുകൊണ്ട് പലതരം പെർഫ്യൂമുകളും, പൗഡറുകളുമിട്ട് അതിനെ മറയ്ക്കാൻ നാം ശ്രമിക്കുന്നു. കാട്ടു മൃഗങ്ങൾ നമ്മുടെ സാമീപ്യമുണ്ടായാൽ സ്വരക്ഷയ്ക്കുവേണ്ടി ഓടിയകലുകയോ അല്ലെങ്കിൽ ആക്രമിക്കുകയോ ചെയ്യുന്നത് ഈ മനുഷ്യശരീരഗന്ധമേറ്റാണെന്നോർക്കണം. എന്തൊരു വ്യത്യാസമാണ് സംഭവിച്ചിരിക്കുന്നത്.

വിശുദ്ധരായി ജീവിച്ചവർ മരിച്ചാൽ അവരുടെ ശരീരത്തിൽ നിന്ന് സുഗന്ധം പുറപ്പെടുമെന്ന് റഷ്യക്കാർക്കിടയിൽ ഒരു ജനപ്രിയ പാരമ്പര്യമുണ്ട്. ദസ്തയേവിസ്കിയുടെ 'കാരമസോവ് സഹോദരന്മാർ' എന്ന നോവലിലെ ഉത്തമസന്യാസിയായ ഫാദർ സോസിമയുടെ മരണസമയത്ത് ഇതിനെപ്പറ്റി ഒരു വിവാദം അസൂയക്കാരനായ മറ്റൊരു സന്യാസി ഉണ്ടാക്കുന്നുണ്ട്.

ജീവികളെ അകറ്റിക്കളയുന്ന മനുഷ്യഗന്ധത്തിനുപകരം സകലജീവജാലങ്ങളെയും തന്നിലേക്കു അടുപ്പിക്കുന്ന ദിവ്യഗന്ധം ശരീരത്തിന് തിരിച്ച് കിട്ടാനുള്ള ശ്രമം ശരിയായ സന്യാസ ചിന്തയിൽ കാണാം. അക്രമം, ആർജ്ജനത്വര, അമിതമായ ഉപഭോഗം എന്നീ മുന്നു കാര്യങ്ങളിലാണ് പുതിയ ബദൽ മാതൃക സൃഷ്ടിക്കാൻ സന്യാസ പ്രസ്ഥാനം ശ്രമിച്ചിട്ടുള്ളത്. ഇതുമൂന്നും മനുഷ്യന്റെ ജന്മവാസനകളാണെന്നു സ്ഥാപിച്ച് അതിനെ ന്യായീകരിക്കുന്ന ധാരാളം സിദ്ധാന്തങ്ങൾ മന:ശാസ്ത്രത്തിലും സാമ്പത്തികശാസ്ത്രത്തിലും ആധുനിക സംസ്ക്കാരത്തിൽ പൊതുവെയും കാണാം. ഇതിനെതിരായി നിലകൊള്ളാൻ സാധാരണ വ്യക്തികൾക്ക് കഴിവില്ല. അവിടെയാണ്





ഇക്കാര്യങ്ങളിൽ സന്യാസപ്രസ്ഥാനത്തിന്റെ ചുമതലയും പ്രസക്തിയും നാം അന്വേഷിക്കുന്നത്. Poverty, Chastity, Obedience എന്ന മൂന്നു ആദ്ധ്യാത്മിക സാധനകൾ വികസിപ്പിച്ചത് ഈ മൂന്നു പരീക്ഷകളെ നേരിടാനാണ്. പുതിയ ആദാമായ ക്രിസ്തുവിലൂടെ ഈ മൂന്നു പരീക്ഷകളെയും നാം നേരിട്ട് പുതിയൊരു മനുഷ്യത്വത്തിന് രൂപം കൊടുക്കണം. അതിലൂടെ പുതിയൊരു സാമൂഹ്യ വ്യവസ്ഥയും ലോകവ്യവസ്ഥയും സൃഷ്ടിക്കണം. അത് ആത്മീയമായും പാരിസ്ഥിതികമായും ജീവനെ പരിപോഷിപ്പിക്കുന്ന ഒരു വ്യവസ്ഥയായിരിക്കണം എന്നാണ് നാം മനസ്സിലാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'ക്രിസ്തുവിൽ പുതിയ സൃഷ്ടി' എന്ന് വി. പൗലൂസ് പറയുന്നതാണിത്.

**2. സന്യാസവും മണ്ണുമായുള്ള ബന്ധം**

നർസിയയിലെ വി. ബനഡിക്ടാണ് ആറാം നൂറ്റാണ്ടിൽ പാശ്ചാത്യ സന്യാസപ്രസ്ഥാനത്തിന്റെ ആദി പിതാവായി തീർന്നത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ Rule ൽ എടുത്തു പറയുന്നത് *ora et labora* (pray and work) എന്ന തത്വമാണ് പ്രാർത്ഥനയും പ്രയത്നവും. പ്രയത്നം പ്രധാനമായും മണ്ണിലാണ്. ആദാമിന്റെ വീഴ്ചമൂലമുണ്ടായ ശാപം മണ്ണിനും കിട്ടി. മണ്ണിൽ മുള്ളും പറക്കാരയും വളർന്നു. ഈ മണ്ണിനെ മനുഷ്യപ്രയത്നം കൊണ്ട് രൂപാന്തരപ്പെടുത്തുക. ഫലഭൂയിഷ്ഠമാക്കുക. നഷ്ടപ്പെട്ടുപോയ "പറുദീസ" (garden) യുടെ മാതൃകയിലേക്ക് മാറ്റുക ഇതാണ് ലക്ഷ്യം. "നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നീ ഭക്ഷണം കഴിക്കും എന്ന ശാപത്തെ ഏറ്റുവാങ്ങി മനുഷ്യവർഗ്ഗത്തിനു വേണ്ടി അദ്ധ്വാനത്തെ അനുഗ്രഹമാക്കി മാറ്റുകയാണ് മണ്ണിൽ അദ്ധ്വാനിക്കുന്ന സന്യാസി. ഈ ആത്മീയ പ്രക്രിയയുടെ അനന്തരഫലമായി സന്യാസിയുടെ ആവശ്യം കഴിഞ്ഞ് ധാരാളം ഭക്ഷണ സാധനങ്ങൾ മറ്റുള്ളവർക്ക് വേണ്ടി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നു. ദാരിദ്ര്യവ്രതം സ്വീകരിക്കുന്ന സന്യാസി ലോകത്തിൽ നിന്ന് ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യാനാണ് സ്വപ്രയത്നത്തിലൂടെ ശ്രമിക്കുന്നത് എന്നത് ചിന്തനീയമാണ്.

പഴയ സന്യാസാശ്രമങ്ങൾ സമ്പന്നമായിത്തീർന്നതിന്റെ സാമ്പത്തിക രഹസ്യം വളരെ ലളിതമാണ്. സ്വന്തം ആവശ്യങ്ങളെ ഏറ്റവും ചുരുക്കി സമൂഹത്തിനുവേണ്ടിയും പൊതുനന്മയ്ക്കുവേണ്ടിയും എല്ലാവരും അദ്ധ്വാനിക്കുന്നു. അങ്ങനെയാവുമ്പോൾ അടിസ്ഥാനാവശ്യങ്ങൾ നിറ

വേറ്റാൻ നമുക്കാവശ്യമുള്ളതിലധികം ഉണ്ടാകുന്നു. വ്യക്തി സ്വന്ത മായി ആർജ്ജിക്കുകയോ അമിതമായി ഉപയോഗിക്കുകയോ ചെയ്യാതെ പൊതുവിനുവേണ്ടി അദ്ധ്വാനിക്കുന്ന വ്യവസ്ഥയിൽ സമ്പത്ത് ഉണ്ടാ കുന്നു. എല്ലാവർക്കുമായി അത് നീതിപൂർവ്വം പങ്കുവയ്ക്കുമ്പോൾ പട്ടി ണിയും അനുബന്ധപ്രശ്നങ്ങളും ഇല്ലാതാകുന്നു. ബനഡിക്ടിൻ സന്യാസിയായിരുന്നു മഹാനായ ഗ്രിഗോറിയോസ് പാപ്പാ എന്ന പേരിൽ 7-ാം നൂറ്റാണ്ടിൽ പ്രസിദ്ധനായ പാശ്ചാത്യ സഭാദ്ധ്യക്ഷൻ. അദ്ദേഹ ത്തിന്റെ സ്വപ്നം യൂറോപ്പിനെ മുഴുവൻ ഒരു വലിയ ബനഡിക്ടയിൻ ആശ്രമ മാതൃകയിലേക്ക് മാറ്റുക എന്നതായിരുന്നു. യൂറോപ്പിലെ കൃഷി സമ്പ്രദായവും സാമ്പത്തിക ക്രമവും വിപ്ലവകരമായി മാറുവാൻ *ora et labora* എന്ന സന്യാസ തത്വത്തിന് കഴിഞ്ഞു.

മൂന്നാം നൂറ്റാണ്ടിൽ സന്യാസപ്രസ്ഥാനം ആരംഭിച്ച ഈജിപ്തിലെ മരുഭൂമിയിൽ കോപ്റ്റിക് ഓർത്തഡോക്സ് സഭ ഇരുപതാം നൂറ്റാണ്ടിൽ പുനരുദ്ധരിച്ച സന്യാസാശ്രമങ്ങൾ അത്ഭുതം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു പുൽനാമ്പുപോലും വളരാത്ത വിശാലമായ മരുപ്പരപ്പിൽ, ഈ സന്യാസിമാർ ആരംഭിച്ച കൃഷികൾ വളരെ പ്രസിദ്ധമാണ്. അവിടെയും ഇതേ തത്വമാണ് ഉപയോഗിക്കുന്നത്. (ചൈനയിലെ സോഷ്യലിസ്റ്റ് വിപ്ല വത്തിലും റഷ്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ തുടക്കത്തിലും സന്യാസസമൂഹ തത്വത്തിന്റെ ഈശ്വരനിരപേക്ഷമമായ മറ്റൊരു രൂപ മാണ് ഉപയോഗിച്ചിരുന്നത്).

## 3 രൂപരഹിതമായ പ്രകൃതിയും ആത്മീയ സമരവും

പ്രകൃതിയോടുള്ള ബന്ധത്തിന്റെ മറ്റൊരു വശമാണ് മരുഭൂമിയിലെ ആദ്യകാല താപസന്മാരിൽ കണ്ടത്. സസ്യശാമളവും ജീവിക്കാൻ സുഖ പ്രദവുമായ ഗ്രാമങ്ങളും പട്ടണങ്ങളും ഉപേക്ഷിച്ചാണ് ഊഷരമായ ഭൂമി യിലേക്ക് അവർ ഓടിപ്പോയത്. ഇവിടെ പ്രകൃതി അതിന്റെ ഏറ്റവും abstract ആയിട്ടുള്ള ഭാവത്തിലാണ്. മരങ്ങളില്ല, ചെടികളില്ല, മഴയില്ല, വെള്ളമില്ല. സുകുമാരദൃശ്യങ്ങളൊന്നുമില്ലാത്ത ശൂന്യസ്ഥലത്ത്, അതി രില്ലാത്ത മണൽപ്പരപ്പും അനന്തമായ ആകാശവും മാത്രം. ഇവിടെയാണ് സാത്താനുമായി വി. അന്തോനിയോസും മറ്റും പോരാട്ടം നടത്തിയത്. രൂപങ്ങളൊന്നുമില്ലാത്ത ശൂന്യതയിൽ നിന്നു തിന്മ അനേകം രൂപങ്ങ ളെടുത്തു വന്നാണ് താപസ്സരെ പരീക്ഷിക്കുന്നത്. തിന്മയ്ക്ക് കാതലൊ ന്നുമില്ലെന്നും അത് ഇല്ലായ്മയാണെന്നും തിരിച്ചറിയുന്ന സന്യാസി





മാർ ആ മായാരൂപങ്ങളെയും അവ നൽകുന്ന മോഹനീയ വാഗ്ദാന ങ്ങളെയും ദൈവത്തിന്റെ അപ്രമേയശക്തിയാൽ കീഴടക്കുന്നു. കർത്താവ് മരുഭൂമിയിൽ 40 ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി യതിന്റെ മാതൃക പിൻപറ്റിയാണ് ഈ ആത്മീയ പ്രയത്നം. എങ്കിലും ഏകാന്ത സമരത്തെക്കാൾ സമൂഹത്തിനുള്ളിലും സമൂഹത്തോട് കൂടി യുമുള്ള ആത്മീയ പ്രയത്നമാണ് സഭയ്ക്ക് കൂടുതൽ സ്വീകാര്യം എന്ന് വി. പക്കോമിയോസ്, വി. ബസ്സേലിയോസ് തുടങ്ങിയവരും അവരെ പിൻതുടർന്ന് പിൽക്കാലത്ത് വി. ബനഡിക്റ്റും വ്യക്തമാക്കി.

## 4. പ്രകൃതിയും സൗന്ദര്യബോധവും

സന്യാസവും പ്രകൃതിയുമായുള്ള ബന്ധത്തിന്റെ വേറൊരു മുഖ മാണ് പ്രകൃതിസൗന്ദര്യത്തെക്കുറിച്ചുള്ള അവബോധം. ഒത്തിരിയേറെ സന്യാസിമാർ പ്രകൃതിയിൽ തേടിയത് ശാന്തതയും നിശ്ശബ്ദതയും ഭംഗിയുമാണ്. സൃഷ്ടിയുടെ മഹത്വവും സൗന്ദര്യവും തങ്ങളുടെ ആത്മാ വിലേക്ക് ആവാഹിച്ചവർ കവികളായിരുന്നു.അവരുടെ കവിത സങ്കീർത്ത നങ്ങളായി, ദൈവസ്തുതികളായി, സ്തോത്രഗാനങ്ങളായി നമ്മുടെ ആരാധനയിലേക്ക് വന്നു. "പാതിരാത്രിയിൽ ദൈവത്തിന്റെ അത്ഭുത ങ്ങളെയയും അത്യുന്നതന്റെ ന്യായങ്ങളെയയുയം കുറിച്ച് സ്തോത്രം ചെയ്‌വാൻ ദാവീദ് എഴുന്നേറ്റു. അവൻ ആകാശത്തിലേക്കു സൂക്ഷിച്ചു നോക്കി. ആകാശവിതാനത്തെയും പ്രകാശഗോളങ്ങളെയും അവയുടെ അയനത്തിന്റെ അഴകിനെയും കണ്ടു. ശാന്തിയും നിശ്ശബ്ദതയും കണ്ട് അത്ഭുതം നിറഞ്ഞ് സ്തോത്രം ചെയ്തു". പ്രകൃതിയിലേക്ക് തിരിഞ്ഞ മിക്കസന്യാസിമാർക്കും കെട്ടിടങ്ങളേക്കാൾ പ്രിയം തുറസ്സായ സ്ഥല ങ്ങളായിരുന്നു. Nature is an open Bible എന്നാണ് ബനഡിക്ട് പഠിപ്പി ച്ചത്. അതായത് വി. വേദപുസ്തകത്തിലൂടെ നമുക്ക് ദിവ്യവെളിപാടു കൾ ലഭിക്കുന്നതുപോലെ സൃഷ്ടിയായ പ്രകൃതിയിലൂടെ സ്രഷ്ടാവായ ദൈവത്തിന്റെ അമേയരഹസ്യങ്ങൾ താൻ നമുക്കു വെളിപ്പെടുത്തിത്ത രുന്നു എന്നർത്ഥം. പ്രകൃതിയെ നിരന്തരം നിരീക്ഷിക്കയും, അതിന്റെ താളക്രമങ്ങളും ഋതുലയങ്ങളുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യു ന്നവർ മഹത്തായ ഒരു ദിവ്യ ഗ്രന്ഥമാണ് തങ്ങൾക്കു മുൻപിൽ തുറ ക്കുന്നത്.

ഏറ്റവും നല്ല സന്യാസി ഏറ്റവും നല്ല സൗന്ദര്യാരാധകൻ ആയിരി ക്കും. മനുഷ്യശരീരത്തിന്റെ ക്ഷണികമായ രൂപവശ്യതകളിൽ ഒതുങ്ങുന്ന

തല്ല നമ്മുടെ ഈ സൗന്ദര്യ സങ്കൽപ്പം. ദൈവസൃഷ്ടിയായ പ്രപഞ്ചത്തിന്റെ സർവ്വാണുക്കളിലും സൂക്ഷ്മകണികകളുടെ അനന്തസംഗമങ്ങളിലും അനവരതം തെളിയുന്ന ജീവന്റെ പ്രകാശമാണ് സൗന്ദര്യം. തേഞ്ഞുമാഞ്ഞുപോകുന്ന ശാരീരികതയുടെ ലാസ്യനൃത്തങ്ങളിലും ഭോഗതൃഷ്ണകളിലുമല്ല ഈ സൗന്ദര്യത്തിന്റെ ഉൾക്കാമ്പ് എന്ന് ആദ്ധ്യാത്മിക ജീവിതത്തിൽ പരിണിത പ്രജ്ഞരായവർക്ക് അറിയാം. കോമളരൂപിയായിരുന്നില്ലെന്ന് പാരമ്പര്യം സാക്ഷിക്കുന്ന നസ്രായനായ യേശുവിന്റെ വാക്കുകൾക്ക് "ലാവണ്യ" മുണ്ടെന്നറിഞ്ഞ് അത്ഭുതം കൂറാൻ സാധാരണക്കാർക്ക് പോലും കഴിഞ്ഞു (ലൂക്കോ. 4:22). പ്രകൃതിയുടെ മടിത്തട്ടിലും സമർപ്പിതമായ മനുഷ്യനന്മയുടെ 'ചില്ലിക്കാശിലും' കൊച്ചുകുഞ്ഞുങ്ങളുടെയും കാട്ടുപൂക്കളുടെയും പുഞ്ചിരിയിലും നസ്രായൻ ദർശിച്ച് സൗന്ദര്യമാണ് ലാവണ്യവാക്കുകളായി നിർഗമിച്ചത്. ഒന്നു നമുക്ക് വ്യക്തമാണ്. ശരീരത്തിന്റെ അദമ്യമായ അഭിലാക്ഷങ്ങളിൽപ്പെട്ട് അലയുന്നവർക്ക് ഒരു വലിയ അളവുവരെ മോചനം നൽകാൻ പ്രകൃതിസൗന്ദര്യത്തിനു കഴിയും. സൃഷ്ടിയുടെ സൗന്ദര്യത്തിന്റെ വിശ്വവിശാലതകളെ മനുഷ്യശരീരത്തിലേക്കും അതിന്റെ മാത്രം മോഹങ്ങളിലേക്കും ഒതുക്കുന്ന തെറ്റായ പ്രവണതയെ ഫലപ്രദമായി തിരുത്താൻ നമ്മുടെ പ്രകൃതിസ്നേഹത്തിനു കഴിയും.

പ്രകൃതിയോടുബന്ധപ്പെട്ടും, സൃഷ്ടിയുടെ മഹത്വം ആസ്വദിച്ചും അതിന്റെ നിഗൂഢതകളെക്കുറിച്ച് നിരന്തരം മനനം ചെയ്തും കഴിയുന്ന സന്യാസി ആത്മാവിന്റെ ആഴങ്ങളെ തിരയുന്ന വ്യക്തിയാണ്. കാടുകളിലും മലകളിലും വിജനതകളിലും പർണ്ണശാല കെട്ടുന്ന പാരമ്പര്യം അർത്ഥപൂർണ്ണമാണ്. മനുഷ്യനും പ്രകൃതിയും തമ്മിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവബന്ധത്തെ പുനരുദ്ധരിക്കാനുള്ള ശ്രമമാണ് സന്യാസാശ്രമങ്ങൾ നടത്തുന്നത്, അല്ലെങ്കിൽ നടത്തേണ്ടത്.

ഒരു ഐറീഷ് ഡൊമിനിക്കൻ സന്യാസി വൈദികനായ Donagh O''Shea എഴുതിയ Nothing for the Journey : Meditations on Time and Place എന്ന പുസ്തകം എനിക്ക് വളരെ പ്രിയമാണ്. പുരാതന ഐറീഷ് സന്യാസികളുടെ നിരന്തരപ്രയാണം എന്ന തത്വത്തെ സ്വന്തം ജീവിതത്തിൽ പരീക്ഷിച്ചു നോക്കിയതിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. യാത്രയ്ക്ക് വലിയ സന്നാഹങ്ങൾ ഒന്നുമെടുക്കാതെ (മത്താ. 10:9-10) ഒരു ചെറിയ moped ൽ അദ്ദേഹം അനേകം ആഴ്ച





കൾ തുറസ്സായ പ്രകൃതിയിൽ അലഞ്ഞുതിരിഞ്ഞു. ഈ നാടോടി ജീവിതത്തിൽ തനിക്കു ലഭിച്ച ചിന്തകളാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയത്. ഒരിടത്ത് ഇങ്ങനെ പറയുന്നു:

Someone said once that Christianity is a very indoor religion. That is strange when you consider that Jesus lived with mountains, the sea and the desert, and claimed that he had nowhere to lay is head. (p. 41. Dominican Publications, 1990)

അറ്റ്ലാന്റ്റിക്ക് സമുദ്രത്തിനടുത്ത് വിജനമായ ഒരു നദിക്കരയിൽ ഒരു കൂടാരം കെട്ടി താമസിച്ച രാത്രിയെക്കുറിച്ച് അദ്ദേഹം എഴുതി. "Everything becomes its own essence at midnight. Only the deepest movements continue - the heart beat, the stream's flow and the eternal birth movement of the sea".

നാം നനച്ചുവളർത്തുന്ന കൃഷിത്തോട്ടവും വീട്ടുമുറ്റത്ത് സൃഷ്ടിക്കുന്ന പൂന്തോട്ടവും അർത്ഥത്തിൽ ഒന്നുതന്നെയാണ്. എങ്കിലും ആശ്രമങ്ങളുടെ നാലുകെട്ടിനകത്ത് വളർത്തുന്ന പൂന്തോട്ടം പ്രകൃതി സൗന്ദര്യത്തിന്റെ നിദർശനമായി, നഷ്ടപ്പെട്ട പറുദീസ (garden) യുടെ ഗൃഹാതുരത്വമായി, ശാപവിമുക്തമായിത്തീർന്ന് അനുഗ്രഹീതമായി, ദൈവരാജ്യത്തിന്റെ സ്വഭാവം കൈവരിക്കുന്നു ഭൂമിയുടെ യുഗാന്ത്യ ദർശനമായി നിലകൊള്ളുന്നു. ശലോമോന്റെ ഉത്തമഗീതത്തിൽ പരാമർശിക്കുന്ന "അടച്ചുപൂട്ടിയ തോട്ടം" അഥവാ രഹസ്യ ഉദ്യാനം (enclosed garden) പരിശുദ്ധ കന്യകയുടെ കന്യകാത്വത്തിന്റെ പ്രതീകമായും അങ്ങനെ സന്യാസ വ്രതവിശുദ്ധിയുടെ അടയാളമായും വ്യാഖ്യാനിക്കപ്പെട്ടു. ഉദ്യാന മദ്ധ്യത്തിൽ ഉയരുന്ന ജലധാര, മുദ്രയിട്ടിരിക്കുന്ന കന്യകാഗർഭത്തിൽ നിന്നുയർന്ന ജീവന്റെ ഉറവയായ ക്രിസ്തു തന്നെ (ഉത്തമഗീതം. 4:12) പ്രകൃതിയും, പൂന്തോട്ടവും, സന്യാസിയും, സൗന്ദര്യവുമെല്ലാം അർത്ഥപൂർണ്ണമായ ഒരു ആദ്ധ്യാത്മിക ദർശനത്തിന്റെ ചരടിൽ കോർത്തിണക്കപ്പെടുന്നു.

(സന്യാസാശ്രമങ്ങളുടെ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം. പുതുപ്പാടി സെ. പോൾസ് ആശ്രമം, ഓഗസ്റ്റ്, 2007)